പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1393      02/03/2017 ൽ മറുപടിയ്ക്ക്

# ഇനാം സെറ്റിൽമെന്റ് ഭൂമികളുടെ പോക്കുവരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിലും മറ്റ് വില്ലേജുകളിലും ഇനാം സെറ്റിൽമെന്റ് ഭൂമികൾ പോക്കുവരവ് ചെയ്യാൻ നോട്ടിഫിക്കേഷൻ പ്രകാരം അനുവദിച്ച കാലാവധി അവസാനിച്ചതിനാൽ വർഷങ്ങളായി തീറുവാങ്ങി കൈവശം വച്ചനുഭവിക്കുന്നവർ പോക്കുവരവ് ചെയ്യാൻ സാധിക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത ഭൂമി കൈവശക്കാർക്ക് പോക്കുവരവ് ചെയ്യുന്നതിനോ പതിച്ചു കൊടുക്കുന്നതിനോ നടപടി സ്വീകരിക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇനാം ഭൂമികളുടെ പതിവിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 31.12.2015 ൽ അവസാനിച്ചിരുന്നു. ആയത് ദീർഘിപ്പിച്ച് നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് പതിവ്, പോക്കുവരവ് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) ഇതു സംബന്ധിച്ച് രാമേശ്വരം വില്ലേജിൽ വർഗ്ഗീസ്, ലാൽ തുടങ്ങിയവർ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ? | (സി) രാമേശ്വരം വില്ലേജിൽ വർഗ്ഗീസ്, ലാൽ എന്നിവർ നിവേദനം സമർപ്പിച്ചിരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ